## പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2909** 15/02/2013 ൽ മറുപടിക്ക്

# എല്ലാ സർക്കാർ സ്കൂളുകളിലും ഉച്ചഭക്ഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.വി.വിജയദാസ്: | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തെ എല്ലാ സർക്കാർ സ്കൂളുകളിലും ഉച്ചഭക്ഷണം നൽകിവരുന്നുണ്ടോ; | എ) നൽകിവരുന്നുണ്ട്. |
| ബി) സർക്കാർ ഗ്രാന്റ് നൽകാത്തതുകൊണ്ട് ഈ പദ്ധതി ഏതെല്ലാം സ്കൂളുകളിൽ മുടങ്ങിയിട്ടുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | ബി) മുടങ്ങിയിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) ഈ പദ്ധതി സംബന്ധിച്ച് സർക്കാർ സ്വീകരിച്ചു വരുന്ന നടപടികളുടെ സംക്ഷിപ്ത വിവരം നൽകുമോ; | സി) ഈ അദ്ധ്യയന വർഷം മുതൽ ഉച്ചഭക്ഷണപദ്ധതിയുടെ നടത്തിപ്പിൽ പുതിയ സംവിധാനമാണ് നടപ്പിലാക്കിവരുന്നത്. പരിഷ്കരിച്ച് നടപ്പാക്കിവരുന്ന സംവിധാനമനുസരിച്ച് കുട്ടി ഒന്നിന് പ്രതിദിനം ഒരു നിശ്ചിത തുകയാണ് അനുവദിച്ചു വരുന്നത്. ആയത് പ്രകാരം 150 കുട്ടികൾ വരെയുള്ള സ്കൂളുകൾക്ക് കുട്ടിയൊന്നിന് പ്രതിദിനം 5/- രൂപയും പാചകകൂലിയും(കുറഞ്ഞത് പ്രതിദിനം 150/- രൂപ) 150 ന് മുകളിൽ 500 വരെ കുട്ടികളുള്ള സ്ക്കൂളിൽ കുട്ടിയൊന്നിന് 6/-രൂപ ക്രമത്തിലും (പാചകകൂലി ഉൾപ്പെടെ) 500-ന് മുകളിൽ കുട്ടിയൊന്നിന് 5/- രൂപ വീതവും പാചകകൂലി ഉൾപ്പെടെ നൽകിവരുന്നു. മുൻ വർഷങ്ങളിൽ നിന്നും വ്യത്യസ്തമായി പുതിയ സംവിധാനപ്രകാരം അരി മാത്രം സർക്കാർ നേരിട്ട് നൽകി വരുന്നു. 2012-13 വർഷം ഉച്ചഭക്ഷണ പദ്ധതിയുടെ നടത്തിപ്പിനായി 235 കോടി രൂപ വകയിരുത്തുന്നു. ടി തുകയിൽ സ്ക്കൂൾ പ്രധാനാധ്യാപകർക്ക് 195.52 കോടി രൂപയും |

| | | | |
|---|---|---|---|
| | | | ബാക്കിതുക എഫ്.സി.ഐ.ക്കും സിവിൽ സപ്ലൈസ് കോർപ്പറേഷനും നൽകിയിട്ടുണ്ട്. ഈ വർഷം പദ്ധതിയുടെ നടത്തിപ്പിനായി ആവശ്യമുള്ള അധിക തുക കൂടി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| ഡി) | കഴിഞ്ഞ എൽ.ഡി.എഫ് സർക്കാരിന്റെ കാലയളവിൽ സ്കൂളുകളിൽ പ്രഭാതഭക്ഷണം നൽകി വന്നിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പദ്ധതി ഇപ്പോഴും നടപ്പിലാക്കി വരുന്നുണ്ടോ; ഉണ്ടെങ്കിൽ, വിശദാംശം നൽകുമോ? | ഡി) | കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ സ്കൂളുകളിൽ പ്രഭാത ഭക്ഷണം നൽകിയിരുന്നു. ഈ പദ്ധതി ഇപ്പോഴും നടന്നുവരുന്നുണ്ട്. ചില കോർപ്പറേഷന്റെ പരിധിയിൽ വരുന്ന സ്കൂളുകളിൽ കോർപ്പറേഷന്റെ ഫണ്ടുപയോഗിച്ച് പ്രഭാത ഭക്ഷണം നൽകി വരുന്നു. മറ്റ് പ്രദേശങ്ങളിലെ സ്കൂളുകളിൽ പഞ്ചായത്തിന്റെയും മറ്റ് സന്നദ്ധ സംഘടനകളുടെയും വ്യക്തികളുടെയും സ്പോൺസർഷിപ്പിലൂടെ പ്രഭാത ഭക്ഷണം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ